# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3152** — **03-04-2013 ൽ മറുപടിയ്ക്ക്**

## പദ്ധതി നിർവ്വഹണ പുരോഗതി

**ചോദ്യം**

ശ്രീ.എം.ഹംസ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കൃഷിവകുപ്പിന്റെ പദ്ധതി നിർവ്വഹണ പുരോഗതി ക്രമാനുഗതമായി കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | 2012-2013 വർഷത്തിൽ നെൽകൃഷി വികസനത്തിനായി എത്ര രൂപ വകയിരുത്തിയിരുന്നു; പ്രസ്തുത തുകയിൽ എത്ര ചെലവഴിച്ചു; വിശദാംശം നൽകാമോ; | (ബി) | 2012-13 ൽ സംസ്ഥാന പദ്ധതി വിഹിത മായി നെൽകൃഷി വികസനത്തിനുവേണ്ടി 5000 ലക്ഷം വകയിരുത്തുകയും 28/02/2013 വരെ 4607.03 ലക്ഷം ചെലവഴിക്കുകയും ചെയ്തു. |
| (സി) | കൃഷിവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2012-13 വർഷത്തെ ബഡ്ജറ്റിൽ നെൽകൃഷി വികസനത്തിനായി വകയിരുത്തിയിരുന്ന തുകയിൽ എത്ര ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിച്ചത്; | (സി) | 2012-13 ൽ 700 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും 517.55 ലക്ഷം രൂപയ്ക്കുള്ള അനുമതി മാത്രമെ ലഭ്യമായിട്ടുള്ളൂ. 28-02-2013 വരെ 458.11 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. താഴെ പറയുന്ന പദ്ധതി ഘടകങ്ങൾക്കാണ് തുക വിനിയോഗിക്കുന്നത്. |

| | |
|---|---|
| എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ? | 1. പ്രദർശന തോട്ടനിർമ്മാണം - 36.25 ലക്ഷം രൂപ<br>2. എസ്.ആർ.ഐ യുടെ പ്രദർശന തോട്ട നിർമ്മാണം -30 ലക്ഷം രൂപ<br>3. എച്ച്.വൈ.വി വിത്തുകളുടെ വിതരണം -180 ലക്ഷം രൂപ<br>4. സൂക്ഷ്മ മൂലകങ്ങളുടെ വിതരണം- 15 ലക്ഷം രൂപ<br>5. കുമ്മായ വിതരണം- 150 ലക്ഷം രൂപ<br>6. ജൈവ കീടനാശിനി വിതരണം -62.50 ലക്ഷം രൂപ<br>7. കർഷക പരിശീലനം-17 ലക്ഷം രൂപ<br>8. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് -103.30 ലക്ഷം രൂപ<br>9. ഭരണ ചെലവ് - 3.50 ലക്ഷം രൂപ<br><br>മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ